# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2697 14.02.2013-ൽ മറുപടിക്ക്**

**ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ജലനിധി II പദ്ധതി**

| ചോദ്യം<br>ശ്രീ. എം. ഹംസ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ജലനിധി II പദ്ധതി ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (എ) | രണ്ടാം ഘട്ട ജലനിധി പദ്ധതിയുടെ ബാച്ച് രണ്ടിൽ ഉൾ പ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡല ത്തിലെ ലക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തിലും തുടർ ബാച്ചുകളിലായി കടമ്പഴിപ്പുറം, പൂക്കോട്ടുകാവ്, അമ്പലപ്പാറ എന്നീ ഗ്രാമ പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | ആയതിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കാമോ ; | (ബി) | ലക്കിടി - പേരൂർ ഗ്രാമ പഞ്ചായത്തിലെ പദ്ധതിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും പഞ്ചായത്തിന് 2011-12 ലെ ക്ലീൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് കിട്ടുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തുമായി കരാർ ഒപ്പുവെയ്ക്കും |
| (സി) | ഓരോ ഗ്രാമപഞ്ചായത്തുകളിലും പദ്ധതി നടത്തിപ്പിനായി എത്ര തുകയാണ് അനുവദിച്ചത്; വിശദമാക്കുമോ? | (സി) | ഗ്രാമ പഞ്ചായത്തുകളുടെ വിശദമായ സ്കീം റിപ്പോർട്ടുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നത് ഇപ്പോഴും തുടരുന്നു. എല്ലാ പദ്ധതികൾക്കും ഇവ നൽകിക്കഴിഞ്ഞാൽ മാത്രമേ ഓരോ പഞ്ചായത്തിലും അന്തിമമായി എത്ര കോടി രൂപയുടെ വീതം പദ്ധതികളാണ് നടപ്പിലാക്കുക എന്ന് പറയുവാൻ കഴിയുകയുള്ളൂ. ഉദ്ദേശം 4 കോടി രൂപ വീതമെങ്കിലും ഓരോ പഞ്ചായത്തിലും പദ്ധതിക്കായി ചെലവഴിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ